DESPATCHED On...22/2/2020

21/2/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

ഹർജി നമ്പർ **AP.No. 407(5)/19/SIC**

തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

**File No. 1485/SIC-G7/2019**

സന്നിഹിത

**ശ്രീമതി ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. തോമസ്കുട്ടി. എം.റ്റി.,**
**മണക്കുന്നേൽ,**
**കുരിശ്ശുംമൂട് പി.ഒ.,**
**ചങ്ങനാശ്ശേരി,**
**കോട്ടയം – 686 104.**

} **അപ്പീൽ ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്,**
**ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.**

**അപ്പീൽ അധികാരി & ഡെപ്യൂട്ടി സെക്രട്ടറി,**
**ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്,**
**ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം**

} **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 21.07.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 07.08.2018 |
| ഒന്നാം അപ്പീൽ | 28.08.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 19.09.2018 |
| രണ്ടാം അപ്പീൽ | 28.01.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 07.05.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കോട്ടയം |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

**1.** അപ്പീൽ ഹർജിക്കാരൻ ധനകാര്യ വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്, സർക്കാർ കോളേജുകളിലെയും എയ്ഡഡ് കോളേജുകളിലേയും ലൈബ്രേറിയൻമാർക്ക് ശമ്പളം അനുവദിച്ച് നൽകുന്നത് സംബന്ധിച്ച 2 ചോദ്യങ്ങളാണ്.

2. മേപ്പടി വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ടി ഓഫീസിൽ ലഭ്യമല്ലാത്തതിനെ തുടർന്ന് വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുകയുണ്ടായി. പ്രസ്തുത അപേക്ഷയുമായി ബന്ധപ്പെട്ട് 28.08.2018 ൽ ധനകാര്യ വകുപ്പിലെ അപ്പീൽ അധികാരിക്ക് ഒന്നാം അപ്പീൽ സമർപ്പിച്ചു. ധനകാര്യ വകുപ്പിൽ നിന്നും നൽകേണ്ടതായ രേഖകൾ/വിവരങ്ങൾ നൽകണമെന്നാണ് ടി അപ്പീലിൽ പ്രധാനമായും ആരോപിക്കുന്നത്. മേൽ പരാമർശിത അപ്പീലിന്മേൽ 15.09.2018 തീയതി ധനകാര്യ വകുപ്പ് അപ്പീൽ അധികാരി നൽകിയ തീരുമാനത്തിന്മേൽ, 19.09.2018 തീയതി ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പിലെ അപ്പീൽ അധികാരിക്കു കൂടി ടിയാൻ ഒന്നാം അപ്പീൽ സമർപ്പിക്കുകയുണ്ടായി..

3. 24.11..2018 ൽ ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പിലെ അപ്പീൽ അധികാരി അറിയിക്കുന്നത്, അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് വിവരം നൽകുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ എസ്.പി.ഐ.ഒ. ക്ക് കൈമാറിയിട്ടുള്ളതിനാൽ പ്രസ്തുത അപ്പീൽ അപേക്ഷയുടെ പകർപ്പും കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ അപ്പീൽ അധികാരിക്ക് കൈമാറിയിട്ടുണ്ട് എന്നും അപ്പീൽ അപേക്ഷയുടെ പകർപ്പ് ധനകാര്യ വകുപ്പിലേയ്ക്ക് കൈമാറണമെന്ന് ടിയാൻ ആവശ്യപ്പെട്ടത് അനുസരിച്ച് അപ്പീൽ അപേക്ഷയുടെ പകർപ്പ് ധനകാര്യ വകുപ്പിലെ അപ്പീൽ അധികാരിക്ക് കൈമാറിയിട്ടുണ്ട് എന്നുമാണ്. കൂടാതെ അപ്പീൽ ഹർജിക്കാരൻ ഇതേ വിഷയവുമായി ബന്ധപ്പെട്ട് ധാരാളം അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതിനാൽ ടി വിഷയം സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിനായി ടിയാനെ നേരിൽ കേൾക്കാൻ തീരുമാനിക്കുകയും ഉണ്ടായി എന്നും അറിയിക്കുന്നുണ്ട്.

4. പ്രസ്തുത അപേക്ഷയ്ക്ക് വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി.

5. എയ്ഡഡ് കോളേജിലെ ലൈബ്രേറിയൻമാരുടെ യോഗ്യത/ശമ്പളം എന്നിവ സംബന്ധിച്ച് ചില വിവരങ്ങൾ ആവശ്യപ്പെട്ട ടിയാന്റെ അപേക്ഷ ഉന്നത വിദ്യാഭ്യാസ (ഡി)വകുപ്പിൽ ലഭിച്ചിരുന്നില്ലെങ്കിലും അപ്പീൽ അപേക്ഷ ലഭിച്ച ഉടനെ ആയതിനുള്ള മറുപടി അപ്പീൽ ഹർജിക്കാരനെ അറിയിച്ചു എന്നും, പ്രസ്തുത അപേക്ഷയിലെ രണ്ടാം പിരിവിലെ ആവശ്യം സംബന്ധിച്ച എന്തെങ്കിലും വിവരം ലഭ്യമാണെങ്കിൽ ആയത് ടിയാന് ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറിയിരുന്നു എന്നും, മൂന്നാം പിരിവിൽ ആവശ്യപ്പെട്ടിരുന്ന വിവരം ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ് കൈകാര്യം ചെയ്ത് വരുന്നതിനാൽ മേപ്പടി അപേക്ഷയുടെ പകർപ്പ് ഉന്നത വിദ്യാഭ്യാസ (എ) വകുപ്പിലെ എസ്.പി.ഐ.ഒ.യ്ക്കും കൈമാറിയിരുന്നു എന്നുമാണ് റിപ്പോർട്ടിലും മൊഴിയിലും വ്യക്തമാക്കുന്നത്. കൂടാതെ ഇതേ വിഷയവുമായി ബന്ധപ്പെട്ട് മറ്റ് വിവരാവകാശ കമ്മീഷണർമാരുടെ നിരവധി ഉത്തരവുകൾ ഉണ്ട് എന്നും അറിയിക്കുന്നുണ്ട്.

6. അപ്പീൽ ഹർജിയും മറ്റ് അനുബന്ധ രേഖകളും പരിശോധിക്കുമ്പോൾ, അപേക്ഷകൻ വിവരം ലഭ്യമാക്കണമെന്ന സദുദ്ദേശത്തോടെയല്ല വിവരാവകാശ നിയമപ്രകാരം

അപേക്ഷ നൽകുന്നത് എന്ന് വ്യക്തം. മറ്റ് വിവരാവകാശ കമ്മീഷണർമാരുടെ ഉത്തരവുകൾ സമാന വിഷയത്തിൽ നൽകിയിട്ടും ആയതിലെ നിർദ്ദേശങ്ങൾ ഒന്നും തന്നെ പാലിക്കാൻ അപ്പീൽ ഹർജിക്കാരൻ ശ്രമിച്ചിട്ടില്ല. വീണ്ടും അപ്പീലുകളും അപേക്ഷകളും നൽകുന്നത് ഉദ്യോഗസ്ഥ രുടെയും കമ്മീഷന്റെയും വിലപ്പെട്ട സമയം ഇല്ലാതാക്കാൻ മാത്രമെ ഇത്തരം നടപടികൊണ്ട് സാധിക്കുകയുള്ളൂ.

7. വിവരം ആവശ്യമുള്ള അപേക്ഷകൻ ആണെങ്കിൽ മറ്റ് വിവരാവകാശ കമ്മീഷണർ മാരുടെയും ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാൻ തയ്യാറാകേണ്ടതായിരുന്നു. അല്ലാതെ നിരന്തരം കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീലുകൾ നൽകുന്നത് ഉചിതമായ പ്രവണതയല്ല എന്ന് കമ്മീഷൻ വിലയിരുത്തുന്നു.

8. മേൽ സാഹചര്യത്തിൽ ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കുന്നതിനും, വ്യക്തത വരുത്തുന്നതിനും വേണ്ടി ബന്ധപ്പെട്ട ഓഫീസിൽ നേരിട്ടെത്തി ഫയൽ പരിശോധിച്ച് വിവരം ലഭ്യമാക്കാൻ അപ്പീൽവാദി ശ്രമിക്കേണ്ടതാണ്. ഇത്തരത്തിൽ അപ്പീൽവാദി ഓഫീസുമായി ബന്ധപ്പെടുന്ന പക്ഷം എല്ലാ സഹായങ്ങളും ഒന്നാം എതിർകക്ഷി ചെയ്തു കൊടുക്കേണ്ടതാണ്.

9. ഇപ്രകാരം എസ്.പി.ഐ.ഒ.യുടെയും അപ്പീൽ അധികാരിയുടെയും നടപടി ശരിവച്ച് കൊണ്ട് ഈ അപ്പീൽ ഹർജി **ഇന്നേദിവസം 2020 ജനുവരി മാസം 31 –ാം തീയതി** തീർപ്പാക്കി **ഉത്തരവാകുന്നു.**

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMAT